**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ-**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും സ്കോളർഷിപ്പുകൾ നൽകുന്നതിലും വ്യാപകമായി കൈക്കൂലി കൈപ്പറ്റുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ടർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | അർഹതപ്പെട്ടവർക്ക് തന്നെ ആനുകൂല്യം നൽകുന്നു എന്ന് ഉറപ്പാക്കുന്നതിന് ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീഴ്ചവരുത്തുന്ന ജീവനക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ പദ്ധതികളിലുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും സുതാര്യമാക്കുന്നതിനും ആവിഷ്ക്കരിച്ച കർമ്മ പദ്ധതികൾചുവടെ ചേർക്കുന്നു. a) ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് (DBT) മുഖാന്തിരം ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നു. b) അപേക്ഷകൾ കൃത്യമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നു. c) വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഇ- ഗ്രാൻസ് മുഖേന വിതരണം ചെയ്യുന്നു. d) ഊരുകൂട്ടം അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലുള്ളവർക്കാണ് ആനുകൂല്യം നൽകുന്നത്. e) അപേക്ഷ സമർപ്പിച്ചത് അർഹരായ ഗുണഭോക്താക്കൾ തന്നെയാണോ എന്ന് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേന പരിശോധന നടത്തുന്നു. |
| (സി) | ആനുകൂല്യ വിതരണം സുതാര്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | പട്ടികജാതി ക്ഷേമഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികളും, ആയതിനോടൊപ്പം വകുപ്പ്തല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും |

| | | | |
|---|---|---|---|
| | | | ശക്തമാക്കി ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തിരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ (DBT) മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നത്. എല്ലാ പദ്ധതികളും ഊരുകൂട്ടങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ